48331/2017
13/07/17

'ഭരണഭാഷ-മാതൃഭാഷ'
ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം
(ഹാജർ: എ.റ്റി.ജെയിംസ്, ഐ.എ.എസ്)
പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33.

എൽ.ആർ.എ3- 7703/14 തീയതി: 04/07/2017

വിഷയം:- കേരള മുദ്രപത്രനിയമം സെക്ഷൻ 54(1) മലപ്പുറം ജില്ലാ രജിസ്ട്രാർ (ജനറൽ) ടെ ഉത്തരവിനെതിരായ റിവിഷൻ ഹർജി- ഉത്തരവാകുന്നത്- സംബന്ധിച്ച്.

പരാമർശം- 1. ശ്രീ.അബ്ദുള്ള 11/02/2014 തീയതിയിൽ സമർപ്പിച്ച റിവിഷൻ ഹർജി.
2. മലപ്പുറം ജില്ലാ രജിസ്ട്രാർ (ജനറൽ)ന്റെ 28/12/2013 തീയതിയിലെ ജി1/8208/13 നമ്പർ ഉത്തരവ്.
3. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 09/05/17 തീയതിയിലെ ആർ ആർ4-9274/16 നമ്പർ റിപ്പോർട്ട്.

മലപ്പുറം ജില്ലാ രജിസ്ട്രാറുടെ പരാമർശം (2) പ്രകാരമുള്ള ഉത്തരവിനെതിരെയാണ് കക്ഷി റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളത്. ടി ഉത്തരവിനാധാരമായ മേലാറ്റൂർ സബ് രജിസ്ട്രാർ ആഫീസിലെ പി1/2013 നമ്പർ ബന്തവസാധാരം ഒരു കൂട്ടവകാശ ഒഴിമുറി ആധാരമാണ്. ടി ആധാരം മതാരി അയമ്മുട്ടി ഹാജി, പാത്തുമ്മ എന്നിവരുടെ മക്കൾ 1. മുഹമ്മദ് എന്ന മാനുപ്പ, (2) മറിയുമ്മ (3) കതീജ (4) ഫാത്തിമ (5) സൈനബ (6) ആമിന (7) അയിഷ എന്നിവരും 1 മുതൽ 7 കൂടി നമ്പരുകാരുടെ മരിച്ച സഹോദരൻ അബൂബക്കർ ഹാജിയുടെ മക്കൾ (8).യൂസഫ് (9) യൂനുസ് (10) മറിയ (11) സംഹത്ത് (12) സക്കീന (13) ഷാഹിത (14) ഉമ്മുൽഫദ്‌ല, 8 മുതൽ 14 കൂടി നമ്പരുകാരുടെ മാതാവും അബൂബക്കർ ഹാജിയുടെ ഭാര്യയുമായ (15) ആമിന ഇവരെല്ലാം ചേർന്ന് 1 മുതൽ 7 നമ്പരുകാരുടെ സഹോദരനും മതാരി അയമ്മുട്ടി ഹാജി, പാത്തുമ്മ ഇവരുടെ മകനുമായ അബ്ദുള്ള എന്ന അബ്ദുപ്പ പേർക്ക് അവകാശം ഒഴിഞ്ഞു കൊടുക്കുന്ന കൂട്ടവകാശ ഒഴിമുറി ആധാരമാണ്.

സഹോദരങ്ങൾക്ക് പുറമേ മരിച്ച സഹോദരന്റെ അവകാശികൾ കൂടി കക്ഷി ചേരുന്നതിനാൽ ടി ആധാരത്തിന് കേരള മുദ്രപ്പത്ര നിയമം പട്ടിക 48 (ബി) പ്രകാരം 52,325/- (അൻപത്തി രണ്ടായിരത്തി മൂന്നൂറ്റി ഇരുപത്തഞ്ച്) രൂപ ചുമത്തേണ്ടതാണെന്ന് സബ് രജിസ്ട്രാർ അഭിപ്രായപ്പെടുകയും ആധാരം ബന്തവസ് ചെയ്യുകയുമുണ്ടായി.

പിതാവിന്റെ സഹോദരനും ഭർത്താവിന്റെ സഹോദരനും കുടുംബം എന്നതിന്റെ നിർവ്വചനത്തിൽ ഉൾപ്പെടാത്തതിനാൽ സബ് രജിസ്ട്രാറിന്റെ അഭിപ്രായം ശരിവച്ചുകൊണ്ട് കുറവ് മുദ്ര 51,325/- (അൻപത്തൊന്നായിരത്തി മുന്നൂറ്റി ഇരുപത്തഞ്ച്) രൂപയും പിഴ 2000/- രൂപയും അടക്കാൻ ജില്ലാ രജിസ്ട്രാർ ഉത്തരവാകുകയും ചെയ്തു.

പ്രസ്തുത വിഷയത്തിൽ ഐ.ജി.ആർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിൽ കേരള മുദ്രപ്പത്ര നിയമം 48(എ)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള കുടുംബ നിർവ്വചനത്തിൽ പിതാവിന്റെ സഹോദരനും ഭർത്താവിന്റെ സഹോദരനും ഉൾപ്പെടാത്തതിനാൽ കേരള മുദ്രപ്പത്ര നിയമം പട്ടിക 48(ബി) പ്രകാരം മുദ്ര ആവശ്യമാണെന്നുള്ള ജില്ലാ രജിസ്ട്രാറുടെ ഉത്തരവിനെ ശരിവച്ചു കൊണ്ട് അപ്പീൽ തള്ളാവുന്നതാണെന്ന് പറഞ്ഞിരിക്കുന്നു.

ടി വിഷയവുമായി ബന്ധപ്പെട്ട 10/05/2017 തീയതിയിലെ വിചാരണയിൽ മലപ്പുറം ജില്ലാ രജിസ്ട്രാറും (ജനറൽ) കക്ഷിക്ക് വേണ്ടി അഡ്വക്കേറ്റും ഹാജരായി. വിശദമായ വാദം കേട്ടു. കക്ഷിക്ക് വേണ്ടി ഹാജരായ അഡ്വക്കേറ്റ് ആർഗ്യുമെന്റ് നോട്ട് ഹാജരാക്കി. ആധാരവും അനുബന്ധങ്ങളും പരിശോധിച്ചതിന്റെയും മേൽപ്പറഞ്ഞവരെ നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ ഇപ്രകാരം ഉത്തരവാകുന്നു.

## <u>ഉത്തരവ്</u>

മേലാറ്റൂർ സബ് രജിസ്ട്രാർ ആഫീസിലെ പി8/2013 നമ്പർ ബന്തവസാധാരം, മതാരി അയമ്മുട്ടി ഹാജിയുടെയും പാത്തുമ്മായുടെയും 7 മക്കളും മരണപ്പെട്ട മകനായ അബൂബക്കർ ഹാജിയുടെ 7 മക്കളും ഭാര്യയും കൂടി അയമ്മുട്ടി ഹാജി പാത്തുമ്മ എന്നിവരുടെ മറ്റൊരു മകനായ അബ്ദുള്ള പേർക്ക് അവകാശം ഒഴിഞ്ഞു കൊടുക്കുന്ന കൂട്ടവകാശ ഒഴിമുറി ആധാരമാണ്. അവകാശം ഒഴിഞ്ഞു നൽകുന്ന 1 മുതൽ 7 വരെയുള്ള കക്ഷികൾ അബ്ദുള്ളയുടെ സഹോദരങ്ങളും 8 മുതൽ 14 വരെ കക്ഷികൾ മരണപ്പെട്ട സഹോദരന്റെ മക്കളും 15-ാം കക്ഷി മരണപ്പെട്ട സഹോദരന്റെ ഭാര്യയുമാണ്. 1 മുതൽ 7 വരെയുള്ളവരും അബ്ദുള്ളയും സഹോദരങ്ങളാണ് അവർ കുടുംബം എന്നതിന്റെ നിർവ്വചനത്തിൽ വരുമെങ്കിലും 'മരണപ്പെട്ട സഹോദരന്റെ അവകാശികൾ' അവകാശം ഒഴിഞ്ഞു കൊടുക്കുന്നത് കുടുംബം എന്നതിൽ ഉൾപ്പെടുത്തുവാൻ കഴിയില്ല. കാരണം കേരള മുദ്രപ്പത്ര നിയമം പട്ടിക 48(എ)-ൽ "when such release operates in favour of father, mother, grand father, Grand mother, hasband, wife, son, daughter, brother, sister, Grand children, Legal heirs of the decreased children of a person" എന്ന വ്യവസ്ഥ ചെയ്തിട്ടുള്ളതിന് മാത്രമേ 1000/- രൂപയ്ക്ക് അർഹതയുള്ളൂ. ഈ സാഹചര്യത്തിൽ പിതാവിന്റെ

സഹോദരനും ഭർത്താവിന്റെ സഹോദരനും ഒഴിമുറി നൽകുന്നത് കേരള മുദ്രപ്പത്ര നിയമം പട്ടിക 48(എ)യുടെ പരിധിയിൽ വരാത്തതും എന്നാൽ 48(ബി)യുടെ പരിധിയിൽ വരുന്നതു മാണ്. ആയതിനാൽ മലപ്പുറം ജില്ലാ ജിസ്ട്രാറുടെ ഉത്തരവ് യഥാവിധിയാണെന്നുള്ള രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ അഭിപ്രായത്തോട് യോജിച്ചുകൊണ്ട് പരാമർശം (1) പ്രകാരമുള്ള റിവിഷൻ ഹർജി തള്ളി ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്
കമ്മീഷണർ

സ്വീകർത്താവ്

1. അബ്ദുള്ള,
   S/o അയമ്മുട്ടി ഹാജി
   മതാരി ഹൗസ്, പൂന്താവനം.പി.ഒ,
   മലപ്പുറം

/R PAD

2. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം
3. ജില്ലാ രജിസ്ട്രാർ ജനറൽ, മലപ്പുറം
4. കരുതൽ ഫയൽ
5. അധികപകർപ്പ്.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്.

പുറത്തെടുത്ത് നമ്പർ / RR4-9274/16. രജി.ഐ.ജി. ആഫീസ്, TVPM. 14-07-2017

മേൽ ഉത്തരവിന്റെ പകർപ്പ് അനന്തരനടപടികൾക്കായി അയക്കുന്നു.

റ്റി3

രജിസ്ട്രേഷൻ ഐ.ജി.-യ്ക്കുവേണ്ടി.

To
ജില്ലാ രജിസ്ട്രാർ (ജനറൽ)/(ഓഡിറ്റ്)
മലപ്പുറം.